UNIT-2 - വ്യാധികൾ പടരാതിരിക്കാൻ

ക്ലാസ് : 9

തിയ്യതി :

സമയം :

## പഠനലക്ഷ്യങ്ങൾ

- നിരീക്ഷണം, വിവരശേഖരണം, വിശകലനം എന്നിവയിലൂടെ രോഗങ്ങളെ പകരുന്നവ പകരാത്തവ എന്നിങ്ങനെ തരംതിരിച്ച് പട്ടികപ്പെടുത്താൻ കഴിയുന്നു.
- നിരീക്ഷണം, വിവരശേഖരണം എന്നിവയിലൂടെ സൂക്ഷ്മാണുക്കളിൽ ഉപകാരികളും ഉപദ്രവകാരികളും ഉണ്ടെന്ന സാമാന്യവത്കരണത്തിൽ എത്തിച്ചേരാൻ കഴിയുന്നു.
- വിവരശേഖരണം, അപഗ്രഥനം എന്നിവയിലൂടെ രോഗങ്ങൾ പകരുന്ന വ്യത്യസ്ത മാർഗങ്ങൾ വിശദീകരിക്കാൻ കഴിയുന്നു.
- രോഗാണു വാഹകർ പെരുകുന്ന സാഹചര്യങ്ങൾ തിരിച്ചറിഞ്ഞ് വിശദീകരിക്കുന്നതിനും നിർമാർജ്ജന മാർഗങ്ങൾ സ്വീകരിക്കുന്നതിനും കഴിയുന്നു.

| ആശയങ്ങൾ | ശേഷികൾ/ നൈപുണികൾ | മൂല്യം/ മനോഭാവം | പഠനപ്രവർത്തനങ്ങൾ (വിലയിരുത്തൽ) | സാമഗ്രികൾ/ ICT |
| --- | --- | --- | --- | --- |
| ÷ വിവിധ തരം രോഗങ്ങൾ | വിശകലനം വർഗ്ഗീകരണം | | കാർട്ടൂൺ സംഭാഷണ വിശകലനം, ചർച്ച, പട്ടികപ്പെടുത്തൽ [പകരുന്ന രോഗങ്ങൾ, പകരാത്ത രോഗങ്ങൾ] വായനാക്കുറിപ്പ്. | പകർച്ചവ്യാധികളുടെ പോസ്റ്ററുകൾ. |
| :- രോഗമുണ്ടാക്കുന്ന സൂക്ഷ്മജീവികൾ | നിരീക്ഷണം വർഗീകരണം സാമാന്യവൽക്കരണം. | സൂക്ഷ്മജീവികളിലും ഉപകാരികളുണ്ടെന്ന് തിരിച്ചറിഞ്ഞ് അവയും ജീവിതത്തിന് നിലനിൽപ്പിന് അവയുമാണെന്ന മനോഭാവം രൂപപ്പെടുന്നു. | നിരീക്ഷണം വായനാക്കുറിപ്പ്- വിശകലനം ചർച്ച. | സൂക്ഷ്മജീവികൾ വീഡിയോ, രോഗകാരികളുടെ ചാർട്ടുകൾ, ചിത്രങ്ങളുള്ള സൂക്ഷ്മജീവികൾ വീഡിയോ ക്ലിപ്പ്. |
| -!- രോഗം പകരുന്ന വ്യത്യസ്ത മാർഗ്ഗങ്ങൾ രോഗം പരത്തുന്ന ജീവികൾ. | നിരീക്ഷണം ദത്തശേഖരണം, ദത്ത വിശകലനം വർഗീകരണം നിഗമനത്തിലെത്താൽ. | പകർച്ചവ്യാധികൾ പകരാതിരിക്കാനുള്ള മുൻകരുതലുകൾ സ്വീകരിക്കുക. | ചിത്രീകരണ നിരീക്ഷണം ചർച്ച. | |
| -!- കൊതുക് പെരുകുന്നത് തടയാനുള്ള മാർഗങ്ങളും കൊതുക് കടിയിൽ നിന്നും രക്ഷനേടാനുള്ള മുൻകരുതലുകളും. | പ്രശ്നപരിഹാരം കണ്ടെത്തൽ, തീരുമാനമെടുക്കൽ, നിഗമനത്തിലെത്തൽ. | പരിസര ശുചിത്വം പാലിക്കാൻ വേണ്ട പ്രവർത്തനങ്ങളിൽ ഏർപ്പെടുക. | കാർട്ടൂൺ സംഭാഷണ വിശകലനം, ചർച്ച. | ബോധവൽക്കരണ പോസ്റ്റർ, ചിത്രങ്ങൾ, വീഡിയോ പ്രദർശനങ്ങൾ. |

| | | | | |
|---|---|---|---|---|
| ∗ ആഹാരം, ജലം, വായു, മണ്ണ്, സമ്പർക്കങ്ങൾ വഴിയിലൂടെ പകരുന്ന രോഗങ്ങൾ പിടിപെടാതിരിക്കാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ. | പരീക്ഷണം, തീരുമാനമെടുക്കൽ. | രോഗങ്ങൾ പിടിപെടാതിരിക്കാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ പാലിക്കുക. | ഗ്രൂപ്പ് ചർച്ച അവതരണം, പരീക്ഷണവിശകലനം. | ഗ്രൂപ്പ് ചർച്ച അവതരണം, പരീക്ഷണവിശകലനം, പഠനക്കുറിപ്പുകൾ ചിത്രങ്ങൾ. |
| ∗ പകർച്ചവ്യാധികൾ മനുഷ്യർക്കും സസ്യങ്ങൾക്കും. | നിരീക്ഷണം | | പകർച്ചവ്യാധി ചിത്രനിരീക്ഷണം (രോഗം ബാധിച്ച മനുഷ്യർ സസ്യങ്ങൾ) പരിസരനിരീക്ഷണം, ചർച്ച | രോഗം ബാധിച്ച മനുഷ്യർ, സസ്യങ്ങൾ, പകർച്ചവ്യാധികൾ ബാധിച്ച സസ്യഭാഗങ്ങൾ. |
| ∗ ശുചിത്വശീലങ്ങൾ | തീരുമാനമെടുക്കൽ | ആരോഗ്യകരമായ ജീവിതത്തിന് വ്യക്തിശുചിത്വം പാലിക്കാൻ വേണ്ടുന്ന ശീലങ്ങളിൽ ഏർപ്പെടുക. | ശുചിത്വശീലങ്ങൾ ചിത്രങ്ങൾ, നിരീക്ഷണം, ശുചിത്വശീലങ്ങൾ - വിശകലനം പൊതുചർച്ച. | ശുചിത്വശീലങ്ങൾ ചാർട്ട്, ചിത്രങ്ങൾ, വീഡിയോകൾ ശുചിത്വശീലങ്ങൾ. (കാർട്ടൂൺ) |
| ∗ ആർജിതപ്രതിരോധശേഷി.<br>∗ പ്രതിരോധ വാക്സിനുകൾ. | കാർട്ടൂൺ വിശകലനം.<br>വാക്സിനേഷൻ ചാർട്ട്, വിശകലനം. | രോഗങ്ങൾ രോഗത്തിന് ആരോഗ്യവകുപ്പിന്റെ സേവനങ്ങൾ പ്രയോജനപ്പെടുത്താനുള്ള മനോഭാവം. | കാർട്ടൂൺ വിശകലനം ചർച്ച. പ്രതിരോധ വാക്സിനുകൾ ചിത്രീകരണം വിശകലനം. ആരോഗ്യപ്രവർത്തകരുമായുള്ള അഭിമുഖം ചോദ്യാവലി തയ്യാറാക്കൽ. പ്രതിരോധ വാക്സിനുകളുടെ ചാർട്ട് പൂർത്തിയാക്കൽ | ആരോഗ്യ വകുപ്പിന്റെ ലഘുലേഖകൾ ആരോഗ്യവകുപ്പിന്റെ വാക്സിനേഷൻ ചാർട്ട് അഭിമുഖ ചോദ്യാവലി. |

മൊഡ്യൂൾ-1.

## പഠന ലക്ഷ്യങ്ങൾ

- നിരീക്ഷണം വിവരശേഖരണം, വിശകലനം എന്നിവയിലൂടെ രോഗങ്ങളെ പകരുന്നവ, പകരാത്തവ എന്നിങ്ങനെ തരം തിരിച്ച് പട്ടികപ്പെടുത്താൻ കഴിയുന്നു
- നിരീക്ഷണം, വിവരശേഖരണം, വിശകലനം എന്നിവയിലൂടെ സൂക്ഷ്മജീവികളിൽ ഉപകാരികളും ഉപദ്രവകാരികളും ഉണ്ടെന്ന് തിരിച്ചറിഞ്ഞ് വിശദീകരിക്കാൻ കഴിയുന്നു

## മുന്നറിവ്

- ജലദോഷം, പനി തുടങ്ങിയ രോഗങ്ങൾ എല്ലാവർക്കും വരാറുള്ളത് കുട്ടികൾക്കറിയാം.
- ചില രോഗങ്ങൾ ഒരാളിൽ നിന്നും മറ്റൊരാളിലേക്ക് പകരാറുണ്ട് എന്ന് മനസ്സിലാക്കിയിട്ടുണ്ട്.
- തിളപ്പിച്ചാറിയ ജലം കുടിക്കുകയും [illegible] ആഹാരസാധനങ്ങൾ അടച്ചു സൂക്ഷിക്കുകയും ചെയ്യേണ്ടതാണ് എന്ന് മനസ്സിലാക്കിയിട്ടുണ്ട്.

## ആശയങ്ങൾ

- പകരുന്നവയും പകരാത്തവയുമായ രോഗങ്ങളുണ്ട്.
- രോഗം ഉണ്ടാക്കുന്നത് സൂക്ഷ്മജീവികളാണ്
- സൂക്ഷ്മജീവികൾ നമുക്ക് ഏറെ പ്രയോജനങ്ങൾ ചെയ്യുന്നു.

## ശേഷികൾ/നൈപുണികൾ

- വിശകലനം : കാർട്ടൂൺ സംഭാഷണം.
- വർഗീകരണം : രോഗങ്ങൾ പകരുന്നവ, പകരാത്തവ എന്നിങ്ങനെ വർഗീകരിച്ച് പട്ടികപ്പെടുത്തുന്നു

## മൂല്യം/മനോഭാവം:

- സൂക്ഷ്മജീവികളിലും ഉപകാരികളുണ്ടെന്ന് തിരിച്ചറിഞ്ഞ് അവയും ജീവന്റെ നിലനിൽപ്പിന് ആവശ്യമാണെന്ന മനോഭാവം രൂപപ്പെടുന്നു.

## സാമഗ്രികൾ

- പകർച്ചവ്യാധികളുടെ പേപ്പർ കട്ടിങ്ങുകൾ
- സൂക്ഷ്മ ജീവികൾ വീഡിയോ
- രോഗികളുടെ ചാർട്ടുകൾ
- പകർച്ചവ്യാധികൾ വീഡിയോ ലിങ്കുകൾ
- ഹാൻഡ് ലെൻസ്.
- ചത്തതോ ജീർണ്ണിക്കുന്നതോ ആയ ജീവിയുടെ ചിത്രം.

പ്രവർത്തനം-1.

## പഠനപ്രക്രിയ

കുട്ടികൾക്കു വന്നിട്ടുള്ള രോഗങ്ങളെക്കുറിച്ച് ചർച്ച നടത്തി പാഠഭാഗത്തിലേക്കു കടക്കുന്നു. തുടർന്ന് T.B യിലെ 2.1 ചിത്രീകരണം നിരീക്ഷിച്ച് വിശകലനം നടത്തുന്നു. സംഭാഷണം വിപുലപ്പെടുത്തി രോഗങ്ങൾ അവതരിപ്പിക്കുന്നു.

നമ്മുടെ നാട്ടിൽ സാധാരണ കണ്ടു വരാറുള്ള രോഗങ്ങളുടെ പേരുകൾ ചോദിക്കുന്നു. കുട്ടികൾ പറയുന്ന പേരുകൾ അധ്യാപിക B.B. യിൽ എഴുതുന്നു. ഈ രോഗങ്ങളിൽ പകരുന്നവ ഏതെന്ന് പകരാത്തവ ഏതെന്ന് എന്ന ചോദ്യം ടീച്ചർ ചോദിക്കുന്നു.

കുട്ടികളുടെ ക്രോഡീകരണം ടീച്ചർ B.B യിൽ അടയാളപ്പെടുത്തുന്നു. ഇവയിൽ ഏത് രോഗമാണ് തൊട്ടടുത്ത ആൾക്ക് വരാൻ സാധ്യതയുള്ളത്?. അതെന്തുകൊണ്ടാണ്?, തുടങ്ങിയ ചോദ്യങ്ങൾ ടീച്ചർ ചോദിച്ചുകൊണ്ട് ചർച്ച നടത്തുന്നു.

കുട്ടികൾ എഴുതിയ ഉദാഹരണങ്ങളെയും പ്രത്യേകതകളുടെ അടിസ്ഥാനത്തിൽ രണ്ട് കൂട്ടങ്ങളാക്കാൻ ആവശ്യപ്പെടുന്നു.

ക്ലാസിൽ അവതരിപ്പിക്കുന്നു, വിലയിരുത്തുന്നു. ടീച്ചർ ഇടപെട്ട് ക്രമപ്പെടുത്തിയ പട്ടിക രൂപീകരിക്കുന്നു.

പകരുന്ന രോഗങ്ങൾ, പകരാത്ത രോഗങ്ങൾ എന്നിങ്ങനെ രണ്ട് കൂട്ടങ്ങളാക്കുന്നു.

**ക്രോഡീകരണം**

ഒരാളിൽ നിന്ന് മറ്റുള്ളവരിലേക്ക് പകരുന്ന രോഗങ്ങളാണ് പകർച്ചവ്യാധികൾ.

പ്രവർത്തനം-2.

**രോഗകാരികൾ**

രോഗങ്ങൾ ഒരാളിൽ നിന്നും മറ്റൊരാളിലേക്ക് പകരുന്നതിന്റെ കാരണക്കാർ ആരാണ്?. അവയെ നമുക്ക് കാണാൻ സാധിക്കുമോ? തുടങ്ങിയ ചോദ്യങ്ങൾ ടീച്ചർ ചോദിച്ചുകൊണ്ട് വിഷയം അവതരിപ്പിക്കുന്നു.

സൂക്ഷ്മ ജീവികളുടെ ചിത്രം

ങ്ങൾ, വീഡിയോകൾ എന്നിവ ടീച്ചർ പ്രദർശിപ്പി
ച്ചുകൊണ്ട് ക്ലാസ് ആരംഭിക്കുന്നു.

ജന്തുക്കളിൽ നിന്ന് മനുഷ്യനി
ലേക്ക് പകരുന്ന രോഗങ്ങളാണ് പകർച്ച
വ്യാധികൾ എന്നും മിക്ക പകർച്ചവ്യാധികൾക്കു
കാരണം ബാക്ടീരിയ, വൈറസ്, ഫംഗസ് തുട
ങ്ങിയ ആണെന്നും ചർച്ച ചെയ്യുന്നു.

പ്രവർത്തനം-3

## സൂക്ഷ്മജീവികൾക്കൊപ്പം

ടീച്ചർ ചത്ത ജീവിയുടെ ചിത്രം/വീഡിയോ
കാണിച്ചുകൊണ്ട് കുട്ടികളോട് ചോദിക്കുന്നു
മൃതശരീരം ഇങ്ങനെ കിടന്നാൽ [illegible]
ണ്ടിവരുന്ന വ്യത്യാസങ്ങൾ എന്തെല്ലാം?
കുറെ ദിവസങ്ങൾക്കു ശേഷം ഈ മൃതശരീര
ത്തിന് വരുന്ന മാറ്റം എന്താണ്?. ഈ മാറ്റങ്ങൾ
ക്ക് കാരണക്കാർ ആരായിരിക്കും?. തുടങ്ങി
യവ ചോദിക്കുന്നു.

കുട്ടികൾ ഊഹിച്ചു പറയുന്നത്
ടീച്ചർ B.B യിൽ എഴുതുന്നു. പിന്നീട്
ചർച്ച നടത്തുന്നു.

എല്ലാ സൂക്ഷ്മജീവികളും രോഗ
കാരികളല്ലെന്നും ഉപകാരികളായ സൂക്ഷ്മ
ജീവികളുണ്ടെന്നും ക്രോഡീകരിക്കുന്നു.

സൂക്ഷ്മജീവികൾ ഉപകാരികളാ
ണെന്ന് തെളിയിക്കുന്ന നിരവധി സന്ദർഭങ്ങൾ
ടീച്ചർ അവതരിപ്പിക്കുന്നു [ദോശമാവ് പുളി
ക്കൽ, വസ്തുക്കളുടെ ജീർണ്ണനം].

നാം മാവിൽ ചേർക്കുന്ന
യീസ്റ്റ് ഒരു ഫംഗസ് ആണെന്ന ധാരണ
ടീച്ചർ കുട്ടികളിൽ ഉണ്ടാക്കുന്നു. ഓരോ
ഘട്ടത്തിലും ഹാൻഡ്‌ലെൻസ് നൽകി
റൊട്ടിപ്പൂപ്പലിന് കാരണമായ ഫംഗസു
കളെ നിരീക്ഷിക്കാൻ കുട്ടികളോട് ആവ
ശ്യപ്പെടുന്നു.

**തുടർപ്രവർത്തനം:**

സൂക്ഷ്മജീവികൾ ഉപകാരികളാകു
ന്ന കൂടുതൽ സന്ദർഭങ്ങൾ കണ്ടെത്തി ഒരു
കുറിപ്പ് തയ്യാറാക്കുക.

NOTE 9
AD CAMERA